# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5244 24.10.2011 -ൽ മറുപടിക്ക്

## വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതിനെതിരെ നടപടി

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ

(എ) കരിക്കകത്ത് സ്കൂൾ വാഹനം അപകടത്തിൽപ്പെട്ടതിനു ശേഷം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടത് ; അവ ഫലപ്രദമായി നടപ്പിൽ വരുത്താതിരുന്നത് എന്തുകൊണ്ടാണ് ;

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

(എ) സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷിതത്വം സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് മുമ്പ് തന്നെ നൽകിയിട്ടുണ്ട്. എന്നാൽ സ്കൂൾ അധികാരികളും രക്ഷകർത്താക്കളും ബസ് ഓടിക്കുന്നവരും പലപ്പോഴും ഇത് പാലിക്കാത്തത് അപകടങ്ങൾക്ക് വഴിയൊരുക്കുന്നുണ്ട്. ഇതൊഴിവാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, സ്കൂളിലെ നോഡൽ ഓഫീസർ, പി.റ്റി.എ. പ്രസിഡന്റ് , മറ്റ് ഭാരവാഹികൾ, സ്കൂൾ ബസിലെ ഡ്രൈവർമാർ എന്നിവർക്ക് വീണ്ടും അടിയന്തിരമായി നിർദ്ദേശം നൽകാൻ എല്ലാ ആർ.ടി.ഒ. മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് / അൺ എയ്ഡഡ് /ഗവൺമെന്റ് വ്യത്യാസമില്ലാതെ എല്ലാ സ്കൂൾ വാഹനങ്ങളുടെയും യാത്രാ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുകയും അത് നടപ്പാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ ബസ്സുകളുടെ ചെക്കിംഗ് കർശനമാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി താഴെപ്പറയുന്ന സുരക്ഷാ ക്രമീകരണങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

1. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ,

വിദ്യാഭ്യാസ സ്ഥാപനം വാടകയ്ക്കെടുത്തതോ ആയ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർക്ക് ഡ്രൈവിംഗിൽ 10 വർഷത്തിൽ കുറയാത്ത അനുഭവ പരിജ്ഞാനം ഉണ്ടായിരിക്കണം. ഇതുകൂടാതെ ഡ്രൈവർക്ക് ഹെവി വാഹനങ്ങൾ ഓടിച്ചിട്ടുള്ള 5 വർഷത്തിൽ കുറയാത്ത അനുഭവ പരിജ്ഞാനം ഉണ്ടാകണം.

2. സ്കൂൾ ബസ് ഓടിക്കുന്ന ഡ്രൈവർ അശ്രദ്ധമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത, അപകടകരമായ രീതിയിൽ വാഹനം ഓടിക്കൽ തുടങ്ങിയ കുറ്റങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെട്ട വ്യക്തി ആവരുത്.

3. സ്കൂൾ ബസുകളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമായും ഘടിപ്പിച്ചിരിക്കണം.

4. സ്കൂൾ വാഹനത്തിൽ കുട്ടികളെ കയറ്റുന്നതിനും, കൊണ്ട് പോകുന്ന തിനും, ഇറക്കുന്നതിനും ഓരോ കവാടത്തിലും ഒരു അറ്റൻഡർ ഉണ്ടായിരിക്കേണ്ടതാണ്. വാഹനത്തിൽ കയറുന്നതിനും, ഇറങ്ങു ന്നതിനും, കുട്ടികളെ സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിനും ഈ അറ്റൻഡർ സഹായിക്കേണ്ടതാണ്.

5. 1989 ലെ കേരള മോട്ടോർ വാഹന ചട്ടം 221 ന് അനുസൃതമായി വാഹനങ്ങളിൽ കുട്ടികളുടെ എണ്ണം നിജപ്പെടുത്തണം.

6. സ്കൂൾ ബസുകളിൽ ഓരോ കവാടത്തിനും വാതിൽ പാളി ഉണ്ടായിരിക്കണം.

7. സ്കൂൾ ബസുകളിലെ ജീവനക്കാരുടെ സ്വഭാവവും, അവർ നൽകുന്ന സേവനങ്ങളും സ്കൂൾ അധികൃതർ/പി.റ്റി.എ അധികൃതർ സർപ്രൈസ് ചെക്കിംഗിലൂടെ വിലയിരുത്തേണ്ടതാണ്.

ഈ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് നിരീക്ഷിക്കുന്നതിനും നടപ്പിൽവരുത്തുന്നതിനുമായി എല്ലാ ജില്ലാ കളക്ടർമാർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ ജില്ലയിലും സംയുക്ത സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള

നടപടി പൂർത്തിയായിട്ടുണ്ട്.

01.10.2011 തീയതിയിൽ നടന്ന ഗതാഗത സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ കളക്ടർമാർ, പോലീസ് സൂപ്രണ്ടുമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ഡിസ്ട്രിക്ട് വിദ്യ,ഭ്യ,സ ഓഫീസർമാർ എന്നിവർ പങ്കെടുത്ത വീഡിയോ കോൺഫറൻസിൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലെയും നോൺ എഡ്യൂക്കേഷണൽ ബസ്സുകളിലെയും വിദ്യാർത്ഥികളുടെ ഗതാഗതത്തെ സംബന്ധിച്ച് മിന്നൽ പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ബസ്സുകൾക്കെല്ലാം എമർജൻസി എക്സിറ്റ് നിർബന്ധമാക്കി കൊണ്ടുള്ള കരട് ചട്ടങ്ങളുടെ ഭേദഗതി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. സ്കൂൾ ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുക എന്നുള്ള ഉദ്ദേശ്യത്തോടു കൂടി സ്കൂൾ ബസ്സുകൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കുന്നതിനുള്ള ഭേദഗതി പരിഗണനയിലാണ്. കൂടാതെ സ്കൂൾ ബസുകളുടെ സുരക്ഷ മുൻ നിർത്തിക്കൊണ്ട് ചില മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുള്ള കേരള മോട്ടോർ വാഹന ചട്ടം 153 ഭേദഗതി ചെയ്ത് ഉൾപ്പെടുത്തുന്നതിനായുള്ള നിർദ്ദേശവും പരിഗണനയിലാണ്. ഇത് കൂടാതെ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളെ സംബന്ധിച്ചുള്ള ചട്ടം 290 ഭേദഗതി ചെയ്തു കൊണ്ടും കൂടുതൽ യാത്രാ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് ഈ അധ്യയന വർഷം ആരംഭിച്ച് കരിക്കകം സ്കൂൾ വാൻ അപകടത്തിനു ശേഷം ഇതുവരെ മോട്ടോർ വാഹന വകുപ്പ് സ്കൂളുകളിലും കോളേജുകളിലും കുട്ടികളെ എത്തിക്കുന്ന വാഹനങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്. 2744 വാഹനങ്ങൾ പരിശോധിച്ചു.

സ്കൂൾ -കോളേജ് അധികൃതരുടെ
വാഹനങ്ങൾ - 2073

സ്വകാര്യ വാഹനങ്ങൾ - 671.

ഇക്കാര്യത്തിൽ പരമാവധി പരിശോധന നടത്തി നിയമം ലംഘിക്കുന്നവരെ ശിക്ഷിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇത്തരം വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഉണ്ടെന്നും, 10 വർഷത്തിലധികം ഹെവി വാഹനങ്ങൾ ഓടിച്ച് പരിചയമുള്ള ഡ്രൈവർമാരാണ് വാഹനമോടിക്കുന്നതെന്നും ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | വാഹന പരിശോധന വേളയിൽ സ്പീഡ് ഗവർണർ വിഛേദിപ്പിച്ച വാഹനങ്ങൾക്ക് പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയും വാഹന ഉടമസ്ഥനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കുകയും, പിഴ ഈടാക്കുന്നതിലേയ്ക്കായി വകുപ്പുതല നടപടികളും കൈക്കൊണ്ടു വരുന്നു. സുരക്ഷ ഉറപ്പാക്കാൻ സംസ്ഥാനത്താകമാനം 7445-ഓളം സ്കൂൾ ഡ്രൈവർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | വളരെ പഴക്കമുള്ളതും യന്ത്രതകരാർ ഉള്ളവയുമായ വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യന്ത്രതകരാറും മറ്റു ന്യൂനതകളും പരിഹരിച്ചതിനു ശേഷം മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുള്ളൂ. |

സെക്ഷൻ ഓഫീസർ